DESPATCHED On...20/2/2020

5/02/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.-nic.-in


## ഹർജി നമ്പർ C.P. No.939(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.14737/എസ്.ഐ.സി–ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.ജിയോ പോൾ
ആളൂർ ഹൗസ്, എസ്റ്റേറ്റ് റോഡ്,
ഗ്രെയ്സ് ലെയിൻ, പേരാമംഗലം,
തൃശ്ശൂർ.– 680 545 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റർ,
മുണ്ടൂർ,
തൃശ്ശൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.08.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.09.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.11.2016 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 25.11.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 04.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ജിയോ പോൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ

നാളിതുവരെ എതിർകക്ഷി നൽകിയില്ലായെന്നും ഇക്കാര്യത്തിൽ അപ്പീൽ അധികാരി നിർദ്ദേശം നൽകിയിട്ടും ആയതു പ്രകാരമുള്ള നടപടി എതിർകക്ഷി സ്വീകരിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, 12.08.2016 തീയതി ഇരുചക്രവാഹനത്തിൽ ഹർജിക്കാരൻ യാത്ര ചെയ്യുമ്പോൾ ഉരുണ്ടുവന്ന കല്ലിൽ കാലിടിച്ചുവെന്നും ടിയാനു പരിക്കു പറ്റി തൃശ്ശൂർ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗത്തിൽ പ്രാഥമിക ചികിൽസ നൽകിയെന്നും തുടർ ചികിൽസക്കായി കൈപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മരുന്നു വാങ്ങാൻ എത്തിയ ഹർജിക്കാരന് മരുന്ന് തരികയില്ല എന്ന് ശാസിച്ച് തിരികെ അയച്ചുവെന്നും ആയതിന് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, എതിർകക്ഷി സ്ഥാപനത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണ് ഉള്ളതെന്നും ഡോക്ടർ അവധിയിലോ ഓഫോ ആയിരിക്കുന്ന ദിവസങ്ങളിൽ രോഗികളെ പരിശോധിക്കുന്നതല്ലായെന്നും ഡോക്ടർ കാണാതെ പുറമേയുള്ള കുറിപ്പടി പ്രകാരം മരുന്നു വിതരണം ചെയ്യുകയില്ലായെന്നും എന്നാൽ രോഗികളുടെ മുറിവുകളും മറ്റും വൃത്തിയാക്കി ഡ്രസ്സിംഗ് നടത്തുകയും ചെയ്യാറുണ്ടെന്നുമാണ്. ഹർജിക്കാരൻ ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ സമർപ്പിച്ച പരാതിയിൽ പ്രസ്താവിച്ചത്, ഒരു മെഡിക്കൽ ഓഫീസിൽ നിന്ന് ചികിൽസ തേടിയശേഷം മറ്റൊരു മെഡിക്കൽ ഓഫീസറിൽ നിന്നും പ്രിസ്ക്രിപ്ഷൻ വാങ്ങുന്നത് എപ്രകാരമെന്നും അത്തരം സാഹചര്യത്തിൽ ആവശ്യമായ മരുന്നും മറ്റും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ നിർദ്ദേശമില്ലാതെ ലഭിക്കേണ്ടതാണെന്നും മറ്റുമാണ്. മേൽപ്പടി പരാമർശത്തിന്മേൽ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)തൃശ്ശൂർ ഹർജിക്കാരനെ അറിയിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ മുണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് അയച്ചു നൽകിയിട്ടുണ്ടെന്നാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ഏതെങ്കിലും വിവരം തേടിയിട്ടുള്ളതായി കാണുന്നില്ല. മറിച്ച് ടിയാൻ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ ഒരു പരാതിയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ മേൽപ്പടി പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമി

RIGHT TO INFORMATION

ല്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja